## മെൽത്തൊ 2015





എറണാകുളം ഓർത്തഡോക്സ് കൺവെൻഷൻ 'മെൽത്തൊ 2015' മാർച്ച് 6,7,8 തീയതികളിൽ കലൂർ ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ നടത്തി. പ്രാരംഭ ദിവസം വൈകിട്ട് കൊച്ചി മെത്രാസനാധിപൻ H G Dr. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത കൺവെൻഷൻ ഉദ്ഘാടനം നിർവഹിച്ചു. അങ്കമാലി ഭദ്രാസനാധിപൻ H G യൂഹാനോൻ മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്തയുടെ അനുഗ്രഹ പ്രഭാഷണത്തിനു ശേഷം റവ.ഫാ. എബി ഫിലിപ്പിന്റെ (കാർത്തികപള്ളി) സുവിശേഷ സന്ദേശത്തോടെ ആദ്യ ദിവസ സമ്മേളനം സമാപിച്ചു.

രണ്ടാം ദിവസം പ്രൊ. ഇട്ടിവർഗ്ഗീസും (അടൂർ), മൂന്നാംദിവസം ഫാ. മാത്യു ഏബ്രഹാം തേവലക്കരയും മുഖ്യപ്രഭാഷണം നടത്തി. മൂന്നാം ദിവസം North-East അമേരിക്കൻ ഡയോസിസിന്റെ H G അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത സമാപനസന്ദേശം നൽകി.

ശനി, ഞായർ ദിവസങ്ങളിൽ രാവിലെ യുവജനങ്ങളുടേയും, വനിതാ സമാജാംഗങ്ങളുടേയും സമ്മേളനവും, സമാപനദിവസം രാത്രി Candle Prayer- ഉം ഉണ്ടായിരുന്നു.




## സംയുക്ത പ്രാർത്ഥന യോഗം





നമ്മുടെ ഇടവകയിലെ പ്രാർത്ഥനാ യോഗങ്ങളുടെ സംയുക്തസമ്മേളനം മാർച്ച് 22 ന് ഞായറാഴ്ച കത്തീഡ്രലിൽ വച്ച് നടന്നു. ബഹു. ടി.പി. കുര്യനച്ചൻ മുഖ്യ സന്ദേശം നൽകി. ബഹു. വൈദികരും ഇടവകാംഗങ്ങളും പങ്കെടുത്ത സമ്മേളനം അനുഗ്രഹപ്രദമായിരുന്നു.

## വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

(അടുത്ത ലക്കത്തിൽ തുടരും.....)




Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design&Lay-out : dittografix, printed at Geo print shop, Ernakulam
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil @yahoo.com For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 9 ● ISSUE : 04 APRIL 2015

### എഡിറ്റോറിയൽ

## കുഞ്ഞുങ്ങൾ ദേവാലയത്തിൽ

"എല്ലാ ഞായറാഴ്ചയും ഞാൻ പള്ളിയിൽ പോകുന്നുണ്ട്." പലരും പറയുന്ന വാചകമാണല്ലൊ ഇത്. ദൈവം പള്ളിയിൽ മാത്രമാണോ ഉള്ളത്. ചിലർ ചോദിക്കുന്നതും കേൾക്കാറുണ്ട്. "യഹോവയുടെ ആലയത്തിലേക്കു നമുക്കു പോകാം എന്ന് അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" (സങ്കീ 122:1). ഇത് പറയുന്നത് യിസ്രയേലിനെക്കുറിച്ചാണെങ്കിലും പള്ളിയിൽ പോകുന്നതിനെക്കുറിച്ചു നമുക്ക് ഇതേ മനോഭാവമാണുണ്ടായിരിക്കേണ്ടത്. പള്ളിയിൽ പോകുന്നത് നാം ഒരു ദിനചര്യ പോലെ കരുതി ആരാധനയിൽ സംബന്ധിക്കേണ്ടതാണ്. ബാലനായ യേശുവിനെയും കൂട്ടി യൗസേഫും, മറിയയും യരുശലേം ദേവാലയത്തിൽ പോയതുപോലെ നാം നമ്മുടെ കുട്ടികളുമായി പള്ളിയിൽ പോകുന്നത് എത്ര മനോഹരമായിരിക്കും.

"അവൻ തൊടേണ്ടതിന് ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവരുന്നു; ശിഷ്യന്മാരോ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞ് അവരോട്: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; ദൈവരാജ്യം ഇങ്ങിനെയുള്ളവരുടേതല്ലോ" (മർക്കൊ 10:14-15). യേശുവിന്റെ ഈ വചനങ്ങളിൽ നിന്നുതന്നെ കുഞ്ഞുങ്ങളെ ദേവാലയത്തിൽ കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കാമല്ലോ.

"നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയിത്തീരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു" (മത്താ 18:3). ശിശുക്കളുടേതു പോലെ നിർമ്മലമായ മനസ്സും, കാപട്യമില്ലാത്ത സ്വഭാവവും ദൈവരാജ്യ പ്രവേശനത്തിന് നിർബന്ധമെന്നു സാരം.

ഒരു ബാലനെ രത്നങ്ങളെക്കുറിച്ചു പഠിക്കുവാൻ മാതാപിതാക്കൾ ഗുരുവിന്റെ അടുത്താക്കിയ ചൈനീസ് കഥ പ്രസിദ്ധമാണല്ലൊ. ഗുരു ഒരു "ജെയിഡ്" രത്നം ബാലന്റെ കയ്യിൽ കൊടുത്തിട്ട് മറ്റു വിദ്യാർത്ഥികളെ പഠിപ്പിച്ചു കൊണ്ടിരുന്നു. ഇതുതന്നെ ദിവസങ്ങളോളം തുടർന്നപ്പോൾ മാതാപിതാക്കൾക്ക് ഗുരുവിനോട് അതൃപ്തി തോന്നി. അവർ അതു പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ ഒരു ദിവസം ഗുരു ജെയിഡ് രത്നത്തിനു പകരം ഒരു റൂബി രത്നം ബാലന്റെ കയ്യിൽ കൊടുത്തപ്പോൾ അത് ജെയിഡല്ല എന്ന് ബാലൻ വിളിച്ചു പറഞ്ഞു. അപ്പോൾ അവന്റെ മാതാപിതാക്കൾക്ക് അവൻ ജെയിഡിനെക്കുറിച്ച് എല്ലാം പഠിച്ചുകഴിഞ്ഞെന്നു മനസിലാകുകയും, ഗുരുവിനെ അഭിനന്ദിക്കുകയും ചെയ്തു.

ഈ കഥ പറഞ്ഞത്, കുഞ്ഞുങ്ങളെ പള്ളിയിൽ കൊണ്ടുവരുമ്പോൾ നാം അറിയാതെതന്നെ അവർ ദൈവഭക്തിയിൽ വളർന്നുകൊള്ളുമെന്ന് കാണിക്കാനാണ്.

ആദ്യമൊക്കെ കുഞ്ഞുങ്ങൾ പള്ളിയിൽ ഒരു ശല്യമാണെന്നു തോന്നാം. അവർ അനുസരണയോടെ ആരാധനയിൽ പങ്കെടുത്തെന്ന് വരുകയുമില്ല. എന്നാൽ അവരുടെ സ്വഭാവരൂപീകരണത്തിൽ ഇതൊരു പ്രധാന ഘടകമാകുകയും, ക്രമേണ ആരാധനകളിൽ അവർ ശ്രദ്ധിച്ചു തുടങ്ങുകയും ചെയ്യും. ആരാധന സമയത്ത് കുഞ്ഞുങ്ങൾ ശല്യമുണ്ടാക്കിയാൽ അരിശപ്പെടാതെ അവരെ സാന്ത്വനപ്പെടുത്തുകയാണ് വേണ്ടത്.

■

### ഇടയ ലേഖനം

## Resurrection of Values in The New Life

**(H G Dr. Yakob Mar Irenaios, Metropolitan)**



The Resurrection of Jesus Christ from the dead is significant in manifold ways. The Life and victory proclaimed at this great event do not rule out instantly all kinds of evil and the shadows of death in this transitory world. However the power and "bite" of death has been removed. The world is beset with problems; it is soaked in evil. The stream of light at the Resurrection morn emanating from the empty tomb is a foil to the selfishness, hate, impurity and violence in this world. Where love recedes, death is the aftermath in society and human relationships. This is clearly evident in the first "murder" recorded in the opening book of the Bible. Perhaps. Easter is best understood as the occasion for the rediscovery and resurrection of moral and spiritual values in life which hold "life together" . these values have made good their escape and lie buried deep in the torrential rain and hail of the evil and sin in this world.

The Resurrection of our Lord marked the defeat of the powers of evil, darkness and death. Jesus fought the fight and won the victory for us. We are the real benefactors of his passion and death. He really bore our punishment and saved us fro punishment and perdition. However, the price he paid for this was enormous, he paid for it by his precious life! He invites us to share in this victory and partake in the New Life he offers us. This world is a mix of island of virtues and oceans of evil. There is the seductive attraction of evil, which always tries to entice us. But the challenge is always before us to exercise our pure conscience and free will to ward of evil influences and choose the good and the righteous. Really we create good and evil in this world by using our God-given free will. Usually , we humans violate the purposes of God, to pursue our own designs; thus moving into the domain of sin and death.

Jesus was tormented by the powers of evil and sins of the world at the Passion and suffering, but he endured them all, without a word of complaint. He never transgressed from the High Way of the Love of his Father. Being God and human, he could feel the full weight of the sins of the world, the whole bundle of it heaped on him. But he knew well that he was suffering for a purpose the salvation of creation. He has shown us the vital example how to live an unblemished life, and how to obey God and keep His will, even amidst pain and suffering.

Resurrection is best celebrated by being grateful to God the tremendous victory won for us through his precious suffering; and by resolving to submit to his will and inspiration in our daily lives. For Resurrection has effaced the power and fear of death and bound us all to god in unconditional Love!

HE IS RISEN, INDEED HE IS!

■

## വികാരിയുടെ കത്ത്

# ക്രിസ്തുവിന്റെ പുനരുത്ഥാനം

Prof. Fr. O.J. Jacob



'യേശുക്രിസ്തുവിന്റെ പുനരുത്ഥാനം' എന്നത് ക്രിസ്തീയ സഭയുടെ അടിസ്ഥാന വിശ്വാസമാണ്. അതാണു ക്രിസ്തീയ ജീവിതത്തിനു ചൈതന്യവും അർത്ഥവും പ്രദാനം ചെയ്യുന്നത്. കാൽവരിക്രൂശിൽ മരിച്ച് അടക്കപ്പെട്ട ക്രിസ്തു മരണത്തെ ജയിച്ചു എന്ന വിശ്വാസം നമുക്ക് ധൈര്യവും പ്രത്യാശയും നൽകുന്നു.

ക്രിസ്തു യഥാർത്ഥത്തിൽ ഉയിർത്തെഴുന്നേറ്റോ എന്നതു സംശയിക്കുന്നവർ അന്നും ഇന്നും ഉണ്ട്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ നേരിൽ കണ്ടെങ്കിൽ മാത്രമേ വിശ്വസിക്കു എന്നു ക്രിസ്തു ശിഷ്യനായ തോമസ്സിനെപോലെ ശഠിക്കുന്നവർ ഇന്നും ഉണ്ട്. തോമാശ്ലീഹാക്കു ക്രിസ്തു നൽകിയ മറുപടിയാണ് അവരോടു നമുക്കും പറയുവാനുള്ളത്. "കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ!!"

മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു വിശ്വസിക്കുകയും വാദിക്കുകയും ചെയ്തിരുന്ന ഒരു കൂട്ടം യഹൂദന്മാർ ആ കാലത്ത് ഉണ്ടായിരുന്നു എന്ന കാര്യം നാം സ്മരിക്കേണ്ടതാണ്. അവർക്ക് ഒരുവന്റെ മരണശേഷമുള്ള പുനരുത്ഥാനം അചിന്തനീയമായിരുന്നു. എന്നാൽ പൗലൂസ് ശ്ലീഹാക്കോ മറ്റപ്പോസ്തോലന്മാർക്കോ അന്നത്തെ ക്രിസ്തീയ സഭക്കോ ഈ കാര്യത്തിൽ യാതൊരു സംശയവും ഉണ്ടായിരുന്നില്ല. അവർക്ക് ക്രിസ്തുവിന്റെ പുനരുത്ഥാനം ഒരു യാഥാർത്ഥ്യമായിരുന്നു. ഒരു അനുഭവമായിരുന്നു. അവർ പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ ദർശിച്ചവരായിരുന്നു.

"ക്രിസ്തു ഉയിർത്തിട്ടില്ലയെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രെ", അതായത് ഇതുവരെ നിങ്ങൾ ദൈവത്തിൽ അർപ്പിച്ച വിശ്വാസമെല്ലാം അസ്ഥാനത്താണ്. ഭാവിയിൽ നിങ്ങളുടെ വിശ്വാസത്തെ താങ്ങാനുള്ള അടിസ്ഥാനവും നഷ്ടപ്പെടുന്നു. കളങ്കരഹിതവും ഹരിതപൂർണ്ണവുമായ യേശുക്രിസ്തുവിന്റെ ജീവിതം മരണത്തോടെ അവസാനിച്ചെങ്കിൽ ദൈവത്തിന്റെ സ്നേഹത്തിലും സർവ്വശക്തിയിലും ആശ്രയിക്കുക സാദ്ധ്യമല്ല. യേശുവിന്റെ ജീവിതം കുരിശു മരണത്തോടെ അവസാനിച്ചു എങ്കിൽ അതു സാത്താന്റെ വിജയമാകുമായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ ഉയിർപ്പ് എല്ലാ സാത്താന്യ ശക്തികളുടേയും താൽക്കാലിക വിജയത്തെ പരാജയമാക്കി മാറ്റി. അതു അന്തിമവിജയത്തിന്റെ ആരംഭം കുറിച്ചു. മരണത്തെപോലും കീഴടക്കുവാൻ മതിയായ വിശ്വാസത്തിനു അടിസ്ഥാനമിട്ടു. ഇനി നമ്മുടെ വിശ്വാസം നിഷ്ഫലമല്ല.

ആദിമ നൂറ്റാണ്ടു മുതൽ സഭയുടെ പ്രധാന വിശ്വാസ വിഷയവും പ്രസംഗ വിഷയവും ഇതു തന്നെയാണ്. ക്രിസ്തു ഉയിർത്തിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുക എന്നതാണ് നമ്മുടെ ധർമ്മം. സഭ അതിനായി പണിയപ്പെട്ടിരിക്കുന്നു. "ഇനി ജീവിക്കുന്നതു ഞാ നല്ല, ക്രിസ്തു അത്രെ എന്നിൽ ജീവിക്കുന്നത്" എന്ന് വിശുദ്ധ പൗലോസിനെപോലെ പറയുവാൻ നമുക്കു കഴിയേണ്ടതാണ്.

ക്രിസ്തുവിനും ക്രിസ്തുഗാത്രമായ സഭക്കും എതിരായി സാത്താന്യ ശക്തികൾ ആഞ്ഞടിക്കുന്ന ഈ കാലഘട്ടത്തിൽ ജീവിക്കുന്ന ക്രിസ്തുവിന്റെ തേജസ്സും ചൈതന്യവും ഉൾക്കൊണ്ടു പ്രത്യാശയുള്ളവരായി ക്രിസ്തുവിനെ സാക്ഷിക്കുവാൻ ദൈവം നമുക്ക് ശക്തിനൽകട്ടെ. ■

## കുടുംബ വിശേഷങ്ങൾ

### O V B S - അവധിക്കാല ബൈബിൾ ക്ലാസ്സുകൾ

12-04-2015 ഞായർ മുതൽ 17-04-2015 വെള്ളി വരെ, രാവിലെ 8.45 മുതൽ വൈകിട്ട് 3.30 വരെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

**കുഞ്ഞുങ്ങളേ..., അവധിക്കാലത്ത് ധാരാളം വിനോദങ്ങൾ നിങ്ങൾക്ക് ഉണ്ടല്ലോ! ഒരാഴ്ച ദൈവസന്നിധിയിലും ചെലവിടുക.**

### വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| ഏപ്രിൽ | 12 ഞായർ | പുതുഞായർ |
| | 23 വ്യാഴം | വി.ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മ |
| മെയ് | 3 ഞായർ | മോറാൻ മാർ ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മ (പാമ്പാക്കുട) |

### വി. കുർബ്ബാനസമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Apr. 12 - 07.00 am, Apr. 19 - 10.30 am., Apr. 26 - 07.00 am; May 03 - 10.30 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Apr. 19 - 07.30 am, May 03 - 07.30 am |
| | എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 am |

### പ്രാർത്ഥനാ യോഗങ്ങൾ

**St. Thomas Unit (North - Pachalam Area)** 19/04/2015
T.P. Simon, Tholath House, Cyril Cottage, Karshaka Road, Vaduthala, Ph: 2400093, Mob: 9446206493

**St. Gregorious Unit (Elamkulam Area)** 26/04/2015
K.J. Issac, Kanjirakattu House, K P Vallon Road, Kadavanthara, Ph: 23322677, Mob: 9995895759

## നിര്യാതരായി

### വത്സ ഡേവിഡ്



അയ്യപ്പൻകാവ് തിലക് ക്ലബ് റോഡിൽ ചെറുവത്തൂർ സി.സി. ഡേവിഡിന്റെ ഭാര്യ **ശ്രീമതി വത്സ ഡേവിഡ്** (52) 16.03.2015 ൽ നിര്യാതയായി. സംസ്കാരം 18.03.2015 ൽ അയ്യംപറമ്പ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

---

പച്ചാളം ചെറുവത്തൂർ **ശ്രീമതി മോളി ഉതുപ്പ്** (65) 19-03-2015 ൽ നിര്യാതയായി. 20-03-2015 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു

---



പനമ്പിള്ളി നഗർ കൈരളി അപ്പാർട്ട്മെന്റ് പുരക്കൽ **ശ്രീ. പി. എം. അലക്സാണ്ടർ** (90) 22-03-2015 ൽ നിര്യാതനായി. 23-3-2015 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*





## യേശുക്രിസ്തുവിന്റെ പീഢാനുഭവ വാര ശുശ്രൂഷകൾ
















ഓശാനപ്പെരുന്നാൾ മുതൽ ഉയിർപ്പ് പെരുന്നാൾ വരെ നാം ദൈവാരാധന യിൽ മുഴുകിയ ദിവസങ്ങളാണല്ലൊ.

യേശുക്രിസ്തുവിന്റെ പീഢാനുഭവത്തിന്റെയും, ഉയിർപ്പിന്റേയും അനുഭവങ്ങൾ വീണ്ടും ജീവിതത്തിന്റെ ഭാഗമാക്കുവാൻ നമുക്ക് സാധിച്ചു, ദൈവത്തെ മഹത്വപ്പെടുത്താം.

നമ്മുടെ ദേവാലയത്തിലും ഭക്തി സംവർദ്ധകമായി കഷ്ടാനുഭവ ശുശ്രൂഷകൾ നിർവഹിച്ചു. മാർച്ച് 29 ഓശാന പ്പെരുന്നാൾ ദിവസത്തിൽ വിശുദ്ധ കുർബ്ബാനയും, കുരുത്തോല പ്രദക്ഷിണവും, കുരുത്തോല വാഴ്വിന്റെ ശുശ്രൂഷയും നടത്തി.

ഞായർ, തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ സന്ധ്യാ നമസ്ക്കാരത്തോടു ചേർന്ന് ധ്യാനയോഗങ്ങളും ഉണ്ടായിരുന്നു. പെസഹാ വ്യാഴാഴ്ച, എളംകുളം ചാപ്പലിലും, കത്തീഡ്രലിലും വി. കുർബ്ബാന അർപ്പിച്ചു. ദുഃഖവെള്ളിയാഴ്ച രാവിലെ 8 മണിക്ക് കത്തീഡ്രലിൽ ശുശ്രൂഷകൾ ആരംഭിച്ചു. 4 മണിക്ക് അവസാനിച്ചു. ദുഃഖശനിയാഴ്ച എളംകുളം ചാപ്പലിലും, കത്തീഡ്രലിലും വിശുദ്ധ കുർബ്ബാനയും, വാങ്ങിപ്പോയവരെ പ്രത്യേകം ഓർത്ത് ധൂപപ്രാർത്ഥനയും ഉണ്ടായിരുന്നു.

ഉയിർപ്പു ഞായറാഴ്ച രാത്രി 2.30 മണിക്ക് ശുശ്രൂഷകൾ ആരംഭിച്ചു ഉയിർപ്പിന്റെ ശുശ്രൂഷയെ തുടർന്ന് വിശുദ്ധ കുർബ്ബാനയും അർപ്പിച്ചു. സമാപനത്തിൽ വി. സ്ലീബാ മുത്തി ഉയിർപ്പിന്റെ സമാധാനം വിശ്വാസികൾ പ്രാപിച്ചു.